# പൗരോഹിത്യ ധർമ്മവും വൈദികജീവിതവും

1. സഭയുടെ ആദ്ധ്യാത്മിക സമ്പത്തുമുഴുവനും അടങ്ങിയിരിക്കുന്നതെവിടെ ?
    - പരിശുദ്ധ കുർബാനയിൽ.
2. ദിവ്യബലിയിൽ വൈദികർ അർപ്പിക്കുന്ന സ്തുതിയും സ്തോത്രവും ദിവസത്തിന്റെ വിവിധ മണിക്കൂറുകളിലേയ്ക്ക് വ്യാപരിക്കുന്നതെങ്ങനെ ?
    - യാമപ്രാർത്ഥനവഴി.
3. മെത്രാന്മാരുടെ സഹപ്രവർത്തകരായ വൈദികരുടെ ഒന്നാമത്തെ കടമയെന്ത് ?
    - ദൈവത്തിന്റെ സുവിശേഷം എല്ലാവരെയും അറിയിക്കുക.
4. എല്ലാ കൂദാശകളെയും പരികർമ്മം ചെയ്യുന്നതിൽ വൈദികർ പല തലങ്ങളിലായി മെത്രാന്മാരോട് സ്ഥാനക്രമമനുസരിച്ച് ബന്ധപ്പെട്ടിരിക്കുന്നു. എന്നു സാക്ഷ്യപ്പെടുത്തിയതാര് ?
    - വി. ഇഗ്നേഷ്യസ്.
5. സുവിശേഷ പ്രചരണത്തിന്റെയെല്ലാം ഉറവിടവും, മകുടവുമായി പ്രത്യക്ഷപ്പെടുന്നതെന്ത് ?
    - പരിശുദ്ധകുർബാന.
6. തിരുക്കർമ്മാനുഷ്ഠാനങ്ങൾ എത്ര വിശിഷ്ടവും, സംഘടനകൾ ഉത്കർഷോന്മുഖവുമായാലും ജനങ്ങളെ __________ അഭ്യസിപ്പിക്കുന്നില്ലെങ്കിൽ അവയെല്ലാം നിരർത്ഥകമാണ്.
    - ക്രിസ്തീയപക്വത പാലിക്കാൻ.
7. തിരുപ്പട്ടം വഴി പൗരോഹിത്യത്തിലേയ്ക്ക് ഉയർത്തപ്പെട്ടിരിക്കുന്ന എല്ലാ വൈദികരും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ?
    - കൗദാശികമായ സാഹോദര്യത്തിൽ.
8. ഇതര കൂദാശകളും, എല്ലാ പ്രേഷിതപ്രവർത്തനങ്ങളും, സഭയുടെ മറ്റെല്ലാ ശുശ്രൂഷകളും നമ്മെ എവിടേയ്ക്കു നയിക്കുന്നു ?
    - ദിവ്യ ബലിയിലേയ്ക്ക്.
9. വൈദികർ മെത്രാൻ പദവിയുമായുള്ള അദ്ധ്യക്ഷാധിപത്യപരമായ കൂട്ടായ്മ ഏറ്റംവ്യക്തമായി പ്രകടമാക്കുന്നതെപ്പോഴാണ് ?
    - മെത്രാനോടോത്ത് സമൂഹബലിയർപ്പിക്കുമ്പോൾ.
10. വൈദികന്റെ നേതൃത്വത്തിലുള്ള വിശ്വാസിവൃന്ദത്തിന്റെ ജീവകേന്ദ്രമെന്ത് ?
    - ദിവ്യകാരുണ്യകർമ്മാനുഷ്ടാനങ്ങൾ.
11. _________ തന്നെ ഫലപ്രദമായ പൗരോഹിത്യശുശ്രൂഷയുടെ പൂർത്തീകരണത്തിനു വളരെ സഹായകമാണ് ?
    - പൗരോഹിത്യവിശുദ്ധിതന്നെ.
12. വൈദികരെ അല്മായരുടെ ഇടയിൽ നിയമിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യമെന്ത് ?
    - എല്ലാവരേയും സ്നേഹത്തിന്റെ ഐക്യത്തിലേയ്ക്ക് ആനയിക്കുക.
13. "കർത്താവേ ഇതാ ഞാൻ എന്നെ അയച്ചാലും". ബൈബിൾ ഭാഗം എഴുതുക ?
    - ഏശയ്യാ 6 : 8 .
14. വൈദിക ധർമ്മാനുഷ്ഠാനത്തിൽ ഏറ്റവും മുമ്പിൽ നില്ക്കേണ്ടതെന്ത് ?
    - സ്വന്തം ആഗ്രഹങ്ങളെ ത്യജിച്ച് തങ്ങളെ അയച്ചവന്റെ അഭീഷ്ടം അറിഞ്ഞനുഷ്ടിക്കുവാനുള്ള സന്നദ്ധത.
15. കപ്പിത്താനും യാത്രക്കാരും പൊതുവായ ഒരേ താല്പര്യത്താൽ ബന്ധിതരായിരിക്കുന്നതു പോലെ ____________ എന്നത് ഓരോ ക്രൈസ്തവന്റേയും കടമയാണെന്ന് ദൈവജനത്തെ പഠിപ്പിക്കണം.
    - സഭയോട് ഏതെങ്കിലും തരത്തിൽ സഹകരിക്കുക.
16. ക്രിസ്ത്യാനികൾ ഇടയനില്ലാത്ത ആടുകളെപ്പോലെ ആകാതിരിക്കാൻ ആത്മാക്കളുടെ ഇടയനും അധിരാജനുമായ ക്രിസ്തു തന്റെ __________ സ്ഥാപിച്ചു.
    - തിരുസഭയെ.
17. വൈദികർ അതിനാൽതന്നെ തങ്ങളുടെ ജീവിതസ്ഥിതിക്കു യോജിച്ച വിശുദ്ധിയിലെത്തിച്ചേരും. എപ്പോൾ ?
    - ആത്മാർത്ഥമായും അവികലമായും സ്വന്തംകടമകൾ ക്രിസ്തുവിന്റെ ചൈതന്യത്തിൽ നിർവ്വഹിക്കുമ്പോൾ.
18. ക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധസ്ഥലത്തു സധൈര്യം വൈദികർക്ക് പ്രവേശിക്കാം. കാരണമെന്ത് ?
    - വിശ്വാസപ്രബോധകരാണ് വൈദികർ.

19. സമൂഹത്തിന്റെ ___________എന്ന നിലയിൽ വൈദികർ സ്വന്തം സൗകര്യങ്ങൾ പരിത്യജിച്ചുകൊണ്ട് ആത്മീയപാലകർക്ക് യോജിച്ചതരത്തിൽ, മാതൃകാപരമായ താപസജീവിതം അനുഷ്ടിക്കണം.
- ഭരണകർത്താക്കൾ.

20. വൈദികർ പുത്രസഹജമായ ഭക്ത്യാദരങ്ങളോടെ വണങ്ങുകയും സ്നേഹിക്കുകയും വേണം. ആരെ ?
- പരിശുദ്ധ കന്യകാമറിയത്തെ.

21. തങ്ങളുടെ ജീവിതവും, ശുശ്രൂഷയും വഴി പുരോഹിതർ നേടേണ്ട ലക്ഷ്യമെന്ത് ?
- ക്രിസ്തുവിൽകൂടി പിതാവായ ദൈവത്തിനു മഹത്വം കൈവരുത്തുക.

22. വൈദികർ _______ ൽനിന്ന് ഒഴിഞ്ഞിരിക്കുകയും ഏതുവിധത്തിലുമുള്ള കച്ചവടയിടപാടുകളുടെ ലാഞ്ചനയിൽ നിന്നും ശ്രദ്ധാപൂർവ്വം അകന്നു മാറുകയും വേണം.
- ദ്രവ്യാഗ്രഹത്തിൽനിന്നും .

23. തിരുപ്പട്ടം വഴിയായും, മെത്രാനിൽ നിന്നും സ്വീകരിച്ച ദൗത്യം മുഖാന്തരവും വൈദികർ ഔദ്യോഗികമായി നിയുക്തരാക്കപ്പെടുന്നത് എന്തിനുവേണ്ടി ?
- പുരോഹിതനും,രാജാവും ,അദ്ധ്യാപകനുമായ ക്രിസ്തുവിനുവേണ്ടി സേവനമനുഷ്ഠിക്കാൻ.

24. ഇത് ലോകത്തിൽ ആദ്ധ്യാത്മികസമൃദ്ധിയുടെ ഒരു പ്രത്യേക ഉറവയുമാണ്. എന്ത് ?
- ബ്രഹ്മചര്യം എന്ന ദാനം.

25. ദൈവജനത്തിന്റെ അധിപന്മാരെല്ലാം ആരുടെ മാതൃകയനുസരിച്ചാണ് വിശ്വാസത്തിൽ വ്യാപരിക്കുന്നത് ?
- വിശ്വസ്തനായ അബ്രാഹത്തിന്റെ.

26. വൈദികർ ജ്ഞാനം പകർന്നെടുക്കുന്നതെങ്ങനെ ?
- വിശുദ്ധ ലിഖിതങ്ങളുടെ വായനയിലും പരിചിന്തനത്തിലും കൂടി.

27. മറ്റുള്ളവരോടുള്ള പ്രവർത്തനത്തിൽ വൈദികർക്ക് മാർഗ്ഗദർശകമാകേണ്ടത് എന്ത് ?
- ക്രിസ്തീയ തത്ത്വങ്ങളും, ക്രിസ്തീയ ജീവിതവും.

28. വിശ്വാസികളുടെ ആദ്ധ്യാത്മികബലികൾ, ഏകമദ്ധ്യസ്ഥനായ ക്രിസ്തുവിന്റെ ബലിയോട് ഐക്യപ്പെട്ട് പരിപൂർണ്ണമാക്കപ്പെടുന്നതെപ്പോൾ ?
- പുരോഹിതരുടെ പരികർമ്മം വഴി.

29. വൈദികർ ക്രിസ്തുവിന്റെ രഹസ്യത്തെ വിളംബരം ചെയ്യുന്നതെങ്ങനെ ?
- പരസ്യമായ പ്രസംഗത്തിലൂടെ.

30. പുതിയ നിയമത്തിലെ പുരോഹിതർ ദൈവജനത്തിനുള്ളിൽ തന്നെ വേർതിരിക്കപ്പെട്ടിരിക്കുന്നതെങ്ങനെ ?
- ദൈവാഹ്വാനവും, തിരുപ്പട്ടവും വഴി .

31. ദൈവം മഹത്വീകരിക്കപ്പെടുന്നതിന് വൈദികർ ജനങ്ങളെ ആനയിക്കേണ്ടത് എങ്ങനെ ?
- സുകൃതവ്യാപാരത്തിലൂടെ.

32. ദൈവജനത്തെ പ്രഥമത: ഒന്നിപ്പിക്കുന്നതെന്ത് ?
- ജീവിക്കുന്ന ദൈവത്തിന്റെ വചനം.

33. ‘‘നിങ്ങൾ ലോകമെങ്ങും പോയി സകലസൃഷ്ടികളോടും എന്റെ സുവിശേഷം അറിയിക്കുവിൻ’’ വചനഭാഗം എഴുതുക ?
- മർക്കോ–16:15.

34. ‘‘സമയത്തും അസമയത്തും ഉത്സാഹിയായിരിക്കുക. ദീർഘക്ഷമയോടും പഠിപ്പോടുംകൂടി ശാസിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുക’’. ആരുടെ പ്രബോധനമാണിത് ?
- വി. പൗലോസ്.

35. വിശ്വാസികൾക്ക് സന്നിഹിതരാകാൻ സാധിക്കാത്തപ്പോഴും വൈദികർക്ക് ബലിയർപ്പിക്കണം. കാരണമെന്ത് ?
- ക്രിസ്തുവിന്റേയും സഭയുടേയും ബലിയാണത്.

36. സാമൂഹ്യബോധത്തിന്റെ അഭ്യസനം ആരംഭിക്കേണ്ടത് എവിടെ ?
- ദിവ്യബലിയർപ്പണത്തിൽ നിന്നും.

37. പൗരോഹിത്യത്തെ അതിന്റെ പൂർണ്ണരൂപത്തിൽ സ്വീകരിച്ചവൻ ആരാണ് ?
- മെത്രാന്മാർ.

38. വൈദികജീവിതം മുഴുവന്റേയും കേന്ദ്രവും അടിസ്ഥാനവും ?
- ദിവ്യബലി.

39. _______ ആണ് വൈദികരുടെ ഓഹരിയും അവകാശവും.
- കർത്താവ്.

40. സഭാവസ്തുക്കൾ എപ്രകാരമാണ് കൈകാര്യം ചെയ്യേണ്ടത് ?

- ഭൗതികവസ്തുക്കളുടെ ഉടമസ്ഥതയിൽ സഭയ്ക്കുള്ള ലക്ഷ്യങ്ങൾക്കനുസൃതമായി.

41. പൗരോഹിത്യധർമ്മവും വൈദികരുടെ ജീവിതവും സംബന്ധിച്ച ഡിക്രി പുറപ്പെടുവിച്ച ദിവസം ?

- 1965 December 7 .

42. ഈ ഡിക്രി പുറപ്പെടുവിച്ച പാപ്പാ ?

- പോൾ VI -ാമൻ പാപ്പാ.